## കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 35-ാമത് ദേശീയ ഗെയിംസ് - 2015-കായിക താരങ്ങളെ സ്വീകരിക്കുന്നതിനും സാംസ്കാരിക പരിപാടികൾ ഒരുക്കുന്നതിനും ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 289/2015/തസ്വഭവ          തിരുവനന്തപുരം, തീയതി, 30.01.2015.

=====================================================

പരാമർശം:- ബഹു. വനം, പരിസ്ഥിതി, ഗതാഗതം, സ്പോർട്ട്സ്, സിനിമ വകുപ്പ് മന്ത്രിയുടെ 16.01.2015-ലെ 13/15/CA/M (F, E, T, S & C) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ നടക്കുന്ന 35-ാമത് ദേശീയ കായികമേള മത്സരങ്ങളുമായി ബന്ധപ്പെട്ട് എത്തുന്ന കായിക താരങ്ങളെ സ്വീകരിക്കുന്നതിനും സാംസ്കാരിക പരിപാടികൾ ഒരുക്കുന്നതിനും മറ്റും അതത് ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റികൾ തീരുമാനിച്ചിരിക്കുന്നതായും ടി പരിപാടിയുടെ ചെലവ് വഹിക്കുന്നതിലേക്കായി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉചിതമായ തുക ചെലവഴിക്കാൻ അനുവാദം നൽകണമെന്നും പരാമർശം പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ നടക്കുന്ന 35-ാമത് ദേശീയ കായികമേള മത്സരങ്ങളിൽ പങ്കെടുക്കുന്നതിനായി എത്തുന്ന കായികതാരങ്ങളെ സ്വീകരിക്കുന്നതിനും സാംസ്കാരിക പരിപാടികൾ ഒരുക്കുന്നതിനും മറ്റും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ രൂപീകരിച്ചിട്ടുള്ള ഓർഗനൈസിംഗ് കമ്മിറ്റികളുടെ ചെലവുകൾക്കായി ടി ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ തനത് ഫണ്ടിൽ നിന്നും യഥാക്രമം പരമാവധി 5,000/- (അയ്യായിരം രൂപ മാത്രം), 15,000/- (പതിനയ്യായിരം രൂപ മാത്രം), 25,000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം) വീതം അവരവരുടെ കമ്മിറ്റി/കൗൺസിൽ തീരുമാനത്തിന് വിധേയമായി അതത് ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റികൾക്ക് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റികൾ ആഡിറ്റ് ചെയ്ത് വരവ് ചെലവ് കണക്ക വിവരങ്ങൾക്ക് ഒപ്പം ധനവിനിയോഗ സാക്ഷ്യ പത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.റംലത്ത്,**

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട നഗരസഭകൾക്ക് നൽകേണ്ടതാണ്)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം/കൊല്ലം/ആലപ്പുഴ/എറണാകുളം/തൃശ്ശൂർ/ കോഴിക്കോട്/കണ്ണൂർ (ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്)

മേയർ/സെക്രട്ടറി, തിരുവനന്തപുരം/കൊല്ലം/തൃശ്ശൂർ/കൊച്ചി/ കോഴിക്കോട്.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ.&എ) കേരള, തിരുവനന്തപുരം.

ചീഫ് കമ്മീഷണർ ആന്റ് പ്രിൻസിപ്പൽ കോ-ഓർഡിനേറ്റർ, 35-ാമത് ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ്, പാളയം, തിരുവനന്തപുരം.

ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ധനകാര്യ വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ